**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3149** **11-03-2025 - ൽ മറുപടിയ്ക്ക്**

**വണ്ടൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വണ്ടൂർ മണ്ഡലത്തിൽ 2016 മേയ് മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് തുക അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | നിരത്തുകൾ<br><br>വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.<br><br>പാലങ്ങൾ<br><br>പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.<br><br>നിരത്ത് പരിപാലനം<br><br>പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു. |
| (ബി) | ഈ കാലയളവിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (ബി) | കെ.ആർ.എഫ്.ബി - പി.എം.യു-<br><br>വണ്ടൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്.ബി - പി.എം.യു മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) മലയോര ഹൈവേ പൂക്കോട്ടുംപാടം - കാളികാവ് - കരുവാരകുണ്ട്- ചിറക്കൽ റോഡ് കി.മി 47/890 – 68/900-ഫേസ്-2- പൂക്കോട്ടുംപാടം മുതൽ കാളികാവ് കി.മി 47/390 – 60/200 വരെ (12.31 കി.മീ)<br><br>12.31 കി മീ ദൈർഘ്യമുള്ള ടി റോഡിൽ വണ്ടൂർ മണ്ഡലത്തിൽ ഉൾപ്പെട്ട കോട്ടപ്പുഴ മുതൽ കാളികാവ് വരെയുള്ള 10.300 കി. മീ. റോഡ് പ്രവൃത്തിക്ക് 29.06.2018 തീയതിയിലെ ഓർഡർ നമ്പർ PWD013-10/PA-01 പ്രകാരം 103.11 കോടി രൂപയുടെ സാമ്പത്തികാനുമതിയും 19.09.2022 തീയതിയിൽ ഓർഡർ നമ്പർ PWD013-10/APR-1/2022/KIIFB പ്രകാരം 131.61 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 23.05.2022 തീയതിയിലെ ഓർഡർ നമ്പർ PWD/KR/EST_TS/4531/2022_5_1 |

പ്രകാരം 75.79 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഈ റോഡ് നവീകരണ പ്രവർത്തി ഊരാലുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി എന്ന സ്ഥാപനവുമായി 10.03.2023 ന് കരാർ വച്ച് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. നിലവിൽ 52% നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2) മലയോര ഹൈവേ പൂക്കോട്ടുംപാടം - കാളികാവ് - കരുവാരകുണ്ട്- ചിറക്കൽ റോഡ് കി.മി 47/890 – 68/900, ഫേസ് 1- കാളിക്കാവ് മുതൽ കരുവാരകുണ്ട് -ചിറക്കൽ കി.മി 60/200 – കി.മി 68/900 വരെ (8.70 കി മീ). വണ്ടൂർ നിയോജക മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന കാളികാവ് മുതൽ കരുവാരകുണ്ട് ചിറക്കൽ വരെ 8.700 കി മീ ദൈർഘ്യമുള്ള ഈ റോഡ് പ്രവർത്തിയ്ക്ക് 29.06.2018 തീയതിയിലെ ഓർഡർ നമ്പർ PWD013-10/PA-01 പ്രകാരം 103.11 കോടി രൂപയുടെ സാമ്പത്തികാനുമതിയും 19.09.2022 തീയതിയിലെ ഓർഡർ നമ്പർ PWD013-10/APR-1/2022/KIIFB പ്രകാരം 131.61 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 26.12.2019 തീയതിയിലെ ഓർഡർ നമ്പർ RdDnMNJ/2019-2020/RD/2017/6485 പ്രകാരം 49.96 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. റോഡ് നവീകരണ പ്രവർത്തി മലബാർ അസോസിയേറ്റ്സ് എന്ന സ്ഥാപനവുമായി 01/10/2020 ന് കരാർ വയ്ക്കുകയും, 20.07.2024 തീയതിയിൽ നിർമ്മാണ പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

3)മലയോര ഹൈവേ ചിറക്കൽ - മേലാറ്റൂർ -കാഞ്ഞിരംപാറ (12.275കി.മീ)

12.275 കി മീ ദൈർഘ്യമുള്ള ടി റോഡിൽ വണ്ടൂർ മണ്ഡലത്തിൽ ഉൾപ്പെട്ട കരുവാരകുണ്ട് ചിറക്കൽ മുതൽ ചൂണ്ടി (പുത്തനയി പള്ളിപ്പടി) വരെയുള്ള 6.397 കി മീ റോഡ് പ്രവർത്തിയ്ക്ക് 12.04.2023 തീയതിയിലെ ഓർഡർ നമ്പർ PWD013-47/TE-4/2023/KIIFB പ്രകാരം 40.60 കോടി രൂപയുടെ സാമ്പത്തികാനുമതിയും 25.11.2024 തീയതിയിലെ ഓർഡർ നമ്പർ PWD013-10/APR-1/2022/KIIFB പ്രകാരം 50.57 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

4) പല്ലിശ്ശേരി അമ്പലക്കടവ് – ഉദിരം പൊയിൽ -മാളിയേക്കൽ റോഡ് (കിമീ 0/000 മുതൽ 1/550,

2/400 മുതൽ 6/000)

പ്രസ്തുത പ്രവൃത്തിക്ക് "G.O.(Rt)No. 942/2017/PWD Dated,10/07/2017 പ്രകാരം 10 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതി ലഭിച്ചു. തുടർന്ന് പ്രവർത്തിയുടെ 21.19 കോടിയുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി 07.01.2020 ൽ കിഫ്ബിയിൽ സമർപ്പിച്ചു. കിഫ്ബി മാനദണ്ഡപ്രകാരം 10 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി 4.86 കോടി രൂപ ഡി.പി.ആറിൽ ഉൾപ്പെടുത്തിയിരുന്നു. ഡി.പി.ആറിന്റെ വിശകലനത്തിന്റെ ഭാഗമായി 10 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിന്റെ സാധ്യത പരിശോധിച്ച് ലാൻഡ് അക്വിസിഷൻ സാധ്യമാണെങ്കിൽ ഫെയർ വാല്യൂ അനുസരിച്ചുള്ള തുക കണക്കാക്കേണ്ടതാണെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്. കൂടാതെ എസ്റ്റിമേറ്റിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് കിഫ്ബി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത ടി.എ.ആർ.-നുള്ള മറുപടി തയ്യാറാക്കിവരുന്നതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി സമയബന്ധിതമായി കിഫ്ബിയിലേക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

5) പൂളമണ്ണ താളിയം കുണ്ട് വാണിയമ്പലം റോഡ്.

പൂളമണ്ണ താളിയം കുണ്ട് വാണിയമ്പലം റോഡ് പ്രവർത്തിയ്ക്ക് 19.03.2019 തീയതിയിലെ ഓർഡർ നമ്പർ PWD015-09/APR-1/2019/KIIFB പ്രകാരം സാമ്പത്തികാനുമതിയും 16.01.2025 തീയതിയിലെ ഓർഡർ നമ്പർ PWD015-09/APR-3/2025/KIIFB പ്രകാരം 13.03 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റ് 12.02.2025തീയതിയിൽ നടന്ന 177-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും കമ്മിറ്റി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6) മുണ്ടേങ്ങര പുള്ളിപ്പാടം ഓടായിക്കൽ വീട്ടിക്കുന്ന് (കി മീ 0/000-15/350) റോഡ്.

പ്രസ്തുത പ്രവർത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് "G.O.(Rt)No. 942/2017/PWD Dated, 10/07/2017 പ്രകാരം 15 കോടി രൂപ യുടെ തത്വത്തിൽ ഭരണാനുമതി നൽകുകയും തുടർന്ന് പ്രസ്തുത പ്രവൃത്തിയുടെ 89.90 കോടി രൂപയുടെ ഡി.പി.ആർ സാമ്പത്തികാനുമതിക്കായി 25/02/2019

| | | | |
|---|---|---|---|
| | | | ൽ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തു. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ കിഫ്ബി മാനദണ്ഡപ്രകാരം മിനിമം 10 മീറ്റർ വീതിയിൽ റോഡ് നവീകരിക്കുന്നതിന് സ്വകാര്യ ഭൂമി സൗജന്യമായി വിട്ടു കിട്ടുന്നതിന് വ്യക്തികളിൽ നിന്നും ലാൻഡ് Relinquishment ഫോറം സ്വീകരിക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ആദ്യ ഘട്ടം എന്ന നിലയിൽ മുണ്ടേങ്ങര മുതൽ ഓടായിക്കൽ വരെ (കി.മീ 0/000 - 8 / 200) യുള്ള റോഡ് നവീകരിക്കുന്നതിന് പുതുക്കിയ DPR തയാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br><u>ആർ.ബി.ഡി.സി.കെ</u><br><br>വണ്ടൂർ മണ്ഡലത്തിലെ വാണിയമ്പലം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല 21.11.2022-ൽ ആർ.ബി.ഡി.സി.കെ-യെ ഏൽപ്പിച്ചു. മേൽപ്പാലത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന് 7 ലക്ഷം + ജി.എസ്.ടി രൂപക്ക് 03.02.2023 ന് ഭരണാനുമതി ലഭിച്ചു. മേൽപ്പാലത്തിന്റെ ജി.എ.സി റെയിൽവേ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് In principle അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

# Annexure 1 Roads

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | വർഷം | എസ്റ്റിമേറ്റ് തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | എൽ.എ.സി-എഡി.എ.സ് 2018-19-മലപ്പുറം ജില്ലയിലെ വൂർ നിയോജക മണ്ഡലത്തിലെ തൃക്കലങ്ങോട്-വൂർ-കാളികാവ് റോഡിൽ കി.മീ 16/800 മുതൽ 17/000 വരെ വാണിയമ്പലം ടൗണിൽ രു വശങ്ങളിലും ഇന്റർലോക്ക് കട്ട പതിപ്പിക്കുന്ന പ്രവൃത്തി | 2018-19 | 15 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | എസ്.ആർ 2016-17 തൃക്കലങ്ങോട്-വൂർ-കാളികാവ് റോഡിൽ കി.മീ 15/ലെ കൾവെർട്ട് വീതി കൂട്ടുകയും , 15/500 മുതൽ 16/300 വരെ ഡ്രെയിനേജ് നിർമ്മിക്കുകയും ചെയ്യുന്ന പ്രവൃത്തി | 2017-18 | 8 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | എസ്.ആർ 2016-17- പെരുമ്പിലാവ്-നിലമ്പൂർ റോഡ് കി.മീ 81/300-ൽ കൾവെർട്ടും ഡ്രെയിനേജും പുനർ നിർമ്മിക്കുന്ന പ്രവൃത്തി | 2017-18 | 10 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | എസ്.എൽ. ടി. എഫ് എസ്. ആർ 2017-18-പാറക്കുളം-കൂട്ടുമു-ശാന്തിനഗർ റോഡ് കി.മീ 1/1000 മുതൽ 01/600 വരെ ഡ്രെയിനേജ് നിർമ്മിക്കുന്ന പ്രവൃത്തി | 2017-18 | 15 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | എസ്.ആര 2018-19 പാിക്കാട്-വൂർ വടപുറം റോഡിൽ കി.മീ 9/400 നും 9/700 നും ഇടയിൽ ചെറുകോട് ഡ്രെയിനേജ് നിർമ്മിക്കുന്ന പ്രവൃത്തി | 2018-19 | 13 ലക്ഷം രൂപ | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | നടുവത്ത്-വടക്കുമ്പാടം റോഡ് കി.മീ 5/900-ലെ കൾവെർട്ട് പുനർ നിർമ്മിക്കുന്ന പ്രവൃത്തി | 2018-19 | 8 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | എസ്.എൽ. ടി. എഫ് തൃക്കലങ്ങോട്-വൂർ കാളികാവ് റോഡിൽ കി.മീ 08/000(വലത് ഭാഗം) റോഡരികിലെ തകർന്ന സംരക്ഷണ ഭിത്തി പുനർ നിർമ്മിക്കുന്ന പ്രവൃത്തി, | 2018-19 | 8 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 8 | എസ്.എൽ. ടി. എഫ് 2018-19 തൃക്കലങ്ങോട്-വൂർ കാളികാവ് റോഡിൽ കി.മീ 13/000 മുതൽ 14/000 വരെ റോഡിന്റെ വലത് ഭാഗത്ത് ഫൂട്പാത്തിൽ കൈവരി സ്ഥാപിക്കുന്ന പ്രവൃത്തി | 2018-19 | 15 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 9 | പാിക്കാട്-വൂർ-വടപുറം റോഡ് കി.മീ 11/000-ൽ തോട്ടുപുറത്ത് കൾവെർട്ടും ഡ്രെയിനേജും പുനർ നിർമ്മിക്കുന്ന പ്രവൃത്തി | 2018-19 | 6 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 10 | എസ്.എൽ. ടി. എഫ് 2018-19 തൃക്കലങ്ങോട്-വൂർ കാളികാവ് റോഡിൽ കി.മീ 08/200 മുതൽ 08/300 വരെ കൾവെർട്ട് എക്സ്റ്റൻഷനും ബി.ടി റിന്യൂവലും ചെയ്യുന്ന പ്രവൃത്തി | 2018-19 | 10 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 11 | എസ്.എൽ. ടി. എഫ് 2018-19 വാണിയമ്പലം-അമരമ്പലം റോഡ് കി.മീ 1/000 നും 1/200 നും ഇടയിൽ മാട്ടക്കുളത്ത് ഡ്രെയിനേജ് നിർമ്മിക്കുന്ന പ്രവൃത്തി | 2018-19 | 5 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 12 | എസ്.എൽ. ടി. എഫ് 2019-20 -തുവ്വൂർ-പുറ്റമണ്ണ റോഡ് കി.മീ. 5/400 നും 5/500 നും ഇടയിൽ (വലത് ഭാഗം) കൾവെർട്ടിലേക്കുള്ള ഡ്രെയിനേജ് ദീർഘിപ്പിക്കുന്ന പ്രവൃത്തി | 2019-20 | 2 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| 13 | എസ്.എൽ. ടി. എഫ് 2019–20 ഫ്ലഡ് ഡാമേജ്–പെരുമ്പിലാവ്–നിലമ്പൂർ റോഡ് കി.മീ 71/000 തുവ്വൂരിൽ കൾവെർട്ടും ഡ്രയിനേജും നിർമ്മിക്കുന്ന പ്രവൃത്തി | 2019–20 | 10 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 14 | എസ്.എൽ. ടി. എഫ് 2019–20 ഫ്ലഡ് ഡാമേജ്–തൃക്കലങ്ങോട്–വൂർ കാളികാവ് റോഡ് കി.മീ 20/000 മൂച്ചിക്കൽ എന്ന സ്ഥലത്ത് പാരശ്വഭിത്തിയും പാരപ്പെറ്റുകളും നിരമ്മിക്കുന്ന പ്രവൃത്തി | 2019–20 | 5 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 15 | എസ്.എൽ. ടി. എഫ് 2018–19 മമ്പാട് ഫെറി–തൃക്കൈകുത്ത് ഫെറി റോഡ് കി.മീ 0/000 മുതൽ 0/350 വരെ കൾവെർട്ടും ഡ്രയിനേജും നിർമ്മിക്കുന്ന പ്രവൃത്തി | 2019–20 | 8 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 16 | എസ്.എൽ. ടി. എഫ് 2019–20 ഫ്ലഡ് ഡാമേജ്–തുവ്വൂർ –പുറ്റമണ്ണ റോഡിൽ കി.മീ 6/500 മുതൽ 6/700 വരെ ഡ്രയിനേജും പാർശ്വഭിത്തിയും നിർമ്മിക്കുന്ന പ്രവൃത്തി | 2019–20 | 7 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 17 | എസ്.എൽ. ടി. എഫ് എസ്.ആർ 2019–20 തൃക്കലങ്ങോട്–വൂർ കാളികാവ് റോഡിൽ കി.മീ 06/500–ൽ ഡ്രയിനേജ് നിർമ്മിക്കുന്ന പ്രവൃത്തി | 2019–20 | 8 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 18 | എസ്.എൽ. ടി. എഫ് 2019–20– ഫ്ലഡ് ഡാമേജ്–തൃക്കലങ്ങോട്–വൂർ കാളികാവ് റോഡിൽ കി.മീ 09/950–നും 10/100 നും ഇടയിൽ കൾവെർട്ടും ഡ്രയിനേജും പുനർ നിർമ്മിക്കുന്ന പ്രവൃത്തി | 2019–20 | 10 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 19 | എസ്.എൽ. ടി. എഫ് എസ്.ആർ 2019–20–പാറക്കുളം–കുട്ടുമു–ശാന്തിനഗർ റോഡ് കി.മീ 1/200 (ഏമങ്ങാട്)ൽ ഡ്രയിനേജും കവർ സ്ലാബ് നിർമ്മാണവും | 2019–20 | 5 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 20 | എസ്.എൽ. ടി. എഫ് 2019–20 –കരുവാരക്കു്–കുട്ടത്തി–നീലാഞ്ചേരി റോഡ് കി.മീ 0/700 മുതൽ 0/900 വരെ ഡ്രയിനേജും സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികളും | 2019–20 | 15 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 21 | എസ്എൽടിഎഫ്–2019–20 വൂർ നിയോജക മണ്ഡലത്തിലെ നടുവത്ത്–വടക്കുമ്പാടം കി.മീ 6/000 തകർന്ന കൾവെർട്ട് പുനരുദ്ധാരണവും, അരികുചാൽ നിർമ്മിക്കുകയും ചെയ്യുന്ന പ്രവൃത്തി | 2019–20 | 12 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 22 | എസ്.എൽ.ടിഎഫ്–2019–20 വൂർ നിയോജക മണ്ഡലത്തിലെ തച്ചങ്ങോട്–കൂരാട്–കല്ലാമൂല റോഡ് കി.മീ 8/700 മമ്പാട്ടുമൂല ടൗണിൽ ഡ്രയിനേജും കവർസ്ലാബും നിർമ്മിക്കുന്ന പ്രവൃത്തി | 2019–20 | 3 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 23 | KIIFB–2017–18 മലപ്പുറം ജില്ലയിലെ പൂളമണ്ണ – തളിയാംകുണ്ട്–വാണിയമ്പലം റോഡിന്റെ 4/350–11/900 കിലോമീറ്റർ ദൈർഘ്യമുള്ള BM&BC പ്രവൃത്തികളുടെ അറ്റകുറ്റപണികളും മെച്ചപ്പെടുത്തലുകളും – ഭൂമി ഏറ്റെടുക്കുന്നതിനുള്ള അതിർത്തിക്കല്ല് സ്ഥാപിക്കൽ | 2020–21 | 5 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 24 | 2020–21 ലെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ: – മലപ്പുറം ജില്ലയിലെ വണ്ടൂരിലെ പിഡബ്ല്യുഡി റോഡ് സെക്ഷന് കീഴിലുള്ള വിവിധ റോഡുകളിലെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ | 2020–21 | 8 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 25 | SLTF–SLTF 2020–21 സ്ട്രിപ്പ് ചെയ്ത ബി റ്റി പാച്ച് വർക്കുകൾ 1. തിരുവാലി ഹൈസ്കൂൾ പാടി – മേപ്പാടം – മമ്പാട് പിഎച്ച്സി റോഡിന്റെ 0/000 മുതൽ 6/000 കി.മീ വരെയുള്ള വർക്കുകൾ.<br>2. കി.മീ 3/000 മുതൽ 5/200 വരെ എടവണ്ണ തിരുവാലി റോഡ്. | 2020–21 | 3 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| | 3. കി.മീ 0/000 മുതൽ 1/900 വരെ തിരുവാലി-കൊട്ടല കാട്ടുമുണ്ട റോഡ് – വണ്ടൂർ LAC | | | |
| 26 | SLTF 2020-21 വണ്ടൂർ LAC-യിലെ മമ്പാട് ഫെറി തൃക്കേക്കുത്ത് ഫെറി 0/000 മുതൽ 2/500 വരെയും കാപ്പിൽ തൃക്കേക്കുത്ത് റോഡ് 0/000 മുതൽ 2/000 വരെയും സ്ട്രിപ്പ് ചെയ്ത BT, BT പാച്ച് വർക്കുകൾ. | 2020-21 | 2.50 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 27 | SLTF 2020-21 പെരുമ്പിലാവ് - നിലമ്പൂർ റോഡിന്റെ കി.മീ 68/500 മുതൽ 77/100 വരെയും കരുവാരകുണ്ട്-കുട്ടത്തി- നീലാഞ്ചേരി- കാളികാവുറോഡിൽ 0/000 മുതൽ 7/200 വരെ കി.മീ വരെയും ബി.ടി, ബി.ടി.പ◌ാച്ച് വർക്കുകൾ - വണ്ടൂർ LAC | 2021-22 | 5 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 28 | SLTF 2020-21 തൃക്കലങ്ങോട് വണ്ടൂർകാളികാവ് റോഡ് Km 14/000 മുതൽ 23/750 വരെയും 25/100 മുതൽ 25/252 വരെയും, വാണിയമ്പലം - അമരമ്പലം റോഡ് Km 0/000 മുതൽ 5/000 വരെയും വണ്ടൂർ ബൈപ്പാസ് റോഡിന്റെ 0/000 മുതൽ 0/800 വരെ വരെയും സ്ട്രിപ്പ് ചെയ്ത BT, BT പാച്ച് വർക്കുകൾ. വണ്ടൂർ എൽഎസി | 2021-22 | 5 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 29 | SLTF 2020-21 ഉദിരംപൊയിൽ- മാളിയേക്കൽ റോഡിന്റെ 2/400 മുതൽ 6/000 വരെയും തച്ചങ്കോട്-ക്കുർഡ്-കല്ലമൂല റോഡിന്റെ 0/000 മുതൽ 7/000 കി.മീ. വരെയും സ്ട്രിപ്പ് ബി.ടി, ബി.ടി.പാച്ച് ജോലികൾ - വണ്ടൂർ എൽഎസി | 2021-22 | 8 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 30 | SLTF-SLTF 2020-21 പെരുമ്പിലാവ് - നിലമ്പൂർ റോഡിന്റെ 68/500 മുതൽ 77/100 വരെയും കരുവാരക്കുണ്ട്- കുട്ടത്തി- നീലഞ്ചേരി-കാളികാവുറോഡിന്റെ 0/000 മുതൽ 7/200 വരെ കി.മീ. സ്ട്രിപ്പ് ചെയ്ത BT, BT പാച്ച് വർക്കുകൾ - വണ്ടൂർ എൽഎസി. | 2021-22 | 4.5 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 31 | SLTF-SLTF 2020-21 തൃക്കലങ്ങോട് - വണ്ടൂർ - കാളികാവ് റോഡിന്റെ 0/000 മുതൽ 11/700 വരെ സ്ട്രിപ്പ് ചെയ്ത BT, BT പാച്ച് വർക്കുകൾ- വണ്ടൂർ എൽഎസി. | 2021-22 | 14 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 32 | SLTF-SLTF 2019-20 വണ്ടൂർ എൽഎസിയിലെ കരുവാരകുണ്ട്-കുട്ടത്തി-നീലാഞ്ചേരി-കാളികാവ് റോഡിൽ 0/700 മുതൽ 0/900 വരെ കിലോമീറ്റർ ദൂരത്തിൽ ഡ്രെയിനേജ് സൗകര്യങ്ങളും പാർശ്വ സംരക്ഷണ പ്രവർത്തനങ്ങളും . | 2021-22 | 13 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 33 | കുളിപ്പറമ്പ്-കുരാട് പള്ളിപ്പാടി-മമ്പാട്ടുമൂല കി.മീ 0/000 മുതൽ 5/000 കി. മീ വരെ സ്റ്റ്റിപ്പ് ചെയ്ത ബിടി, ബിടി പാച്ച് വർക്കുകൾ - വണ്ടൂർ എൽഎസി. | 2021-22 | 6 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 34 | 2020-21 പൊതുമരാമത്ത് വകുപ്പ് വണ്ടൂർ റോഡ്സ് സെക്ഷന് കീഴിലുള്ള വിവിധ റോഡുകളിലെ അടിയന്തര കുഴി നികത്തൽ പ്രവൃത്തികൾ - വണ്ടൂർ എൽഎസി | 2021-22 | 4 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 35 | വണ്ടൂർ എൽ.എ.സിയിലെ തച്ചങ്കോട് - കുരാട് - കല്ലമൂല റോഡിന്റെ 8/000 കിലോമീറ്റർ നും 8/500 കിലോമീറ്റർ നും ഇടയിൽ സംരക്ഷണഭിത്തി നിർമ്മാണം. | 2021-22 | 10 ലക്ഷം | പ്രവൃത്തി പൂർത്തീകരി ച്ചു |
| 36 | വണ്ടൂർ എൽഎസിയിൽ തൃക്കലങ്ങോട്-വണ്ടൂർ-കാളികാവ് റോഡിന്റെ 20/900 നും 21/000 നും ഇടയിൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം | 2022-23 | 4.5 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| 37 | തുവ്വൂർ-പുട്ടമണ്ണ റോഡിന്റെ കി .മീ 2/300 ൽ ഡ്രെയിനേജ് സൗകര്യം ഒരുക്കുന്നത് - വണ്ടൂർ എൽഎസി | 2022-23 | 3.50 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 38 | 2024-25 ലെ പൊതു ബജറ്റ് പ്രവൃത്തി - വണ്ടൂർ എൽ.എ.സിയിലെ ഉദിരംപൊയിൽ-മാളിയേക്കൽ റോഡിന്റെ കി.മീ 2/400 മുതൽ 6/000 വരെയുള്ള (വർക്കിംഗ് ചെയിനേജ് ഒന്നാം റീച്ച് കി.മീ.2/400 മുതൽ 4/050 വരെ) മെച്ചപ്പെടുത്തൽ, വീതി കൂട്ടൽ, ബി.എം & ബി.സി. പ്രവൃത്തികൾ. | 2024-25 | 168 ലക്ഷം | പ്രവൃത്തി നടന്നു വരുന്നു. |
| 39 | ബജറ്റ് പ്രവൃത്തി 2020-21 മുണ്ടേങ്ങര-പുള്ളിപ്പാടം-ഓടയ്ക്കൽ വെട്ടിക്കുന്ന് റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ Km.4/400 മുതൽ 6/300 വരെ | 2020-21 | 200 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 40 | ബജറ്റ് പ്രവൃത്തി (പ്രത്യേക അനുമതി) 2017-18 – മഞ്ചേരി മണ്ഡലം - എളംകൂർ-വണ്ടൂർ റോഡിന്റെ 12/560 – 14/560 കിലോമീറ്റർ മെച്ചപ്പെടുത്തലും ബിഎം & ബിസി പ്രവൃത്തിയും. | 2017-18 | 250 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 41 | ബജറ്റ് വർക്ക് 2021-22 – തൃക്കലങ്ങോട്-വണ്ടൂർ-കാളികാവ് റോഡിന്റെ വീതി കൂട്ടൽ, ബിഎം & ബിസി വർക്കുകൾ 9/850 മുതൽ 11/700 വരെ വണ്ടൂർ എൽ.എ.സി. | 2021-22 | 300 ലക്ഷം | പ്രവൃത്തി നടന്നു വരുന്നു. |
| 42 | വണ്ടൂർ എൽ.എ.സിയിലെ പി.പി.പി.എൻ റോഡിൽ കി.മീ. 86/112 മുതൽ 95/112 വരെ സ്ട്രിപ്പ്ഡ് ബി.ടി. | | 25 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 43 | SLTF 2019-20 – വണ്ടൂർ LAC-യിലെ Km.0/000 നും Km.0/550 നും ഇടയിലുള്ള മമ്പാട് ഫെറി-തുക്കെക്കുത്ത് ഫെറി റോഡിൽ ഡ്രെയിനേജ് സൗകര്യങ്ങൾ ഒരുക്കുന്ന പ്രവൃത്തി. | 2019-20 | 20 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 44 | ജനറൽ - ബജറ്റ് വർക്ക് 2023-24 – മലപ്പുറം ജില്ലയിലെ വണ്ടൂർ എൽ.എ.സി.യിലെ വണ്ടൂർ ടൗൺ ഭൂമി ഏറ്റെടുക്കലും നവീകരണവും | 2023-24 | 500 ലക്ഷം | സാങ്കേതികാനുമതി ലഭിക്കുന്നതിനു വേണ്ട നടപടികൾ പുരോഗമിക്കുന്നു. |
| 45 | ജനറൽ- ആർഎം 2022-23 ക്ലസ്റ്റർ II-സോൺ 2 മലപ്പുറം ജില്ലയിലെ വണ്ടൂർ സെക്ഷന് കീഴിലുള്ള വിവിധ പിഡബ്ല്യുഡി റോഡുകൾക്കുള്ള ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവർത്തികൾ - തച്ചങ്കോട്-കൂരാട്-കല്ലമൂല റോഡ് (0/000 മുതൽ 11/158 വരെ) – ഒരു സ്ട്രെച്ച് – 11.158 കി. മീ | 2022-23 | 64 | പ്രവൃത്തിപൂർത്തീകരിച്ചു |
| 46 | ജനറൽ-ആർഎം 2022-23-ക്ലസ്റ്റർ II-സോൺ 4-മലപ്പുറം ജില്ലയിലെ വണ്ടൂരിലെ റോഡ് സെക്ഷനു കീഴിലുള്ള വിവിധ പിഡബ്ല്യുഡി റോഡുകളുടെ ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവർത്തികൾ 24.41 കി.മീ (കാപ്പിൽ -തുക്കെക്കുത്ത് റോഡ് കി.മീ. 0/000-2/000, വടപ്പുറം, പാണ്ടിക്കടപ്പുറം റോഡ് (0/000-22/410) | 2022-23 | 59 | പ്രവൃത്തിപൂർത്തീകരിച്ചു |
| 47 | ജനറൽ-ആർഎം 2023-24-ആർസി2 ഘട്ടം 1/സോൺ 4- മലപ്പുറം ജില്ലയിലെ വണ്ടൂർ റോഡ് സെക്ഷന് കീഴിലുള്ള വിവിധ പിഡബ്ല്യുഡി റോഡുകൾക്കുള്ള ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവർത്തികൾ - 13.50 കിലോമീറ്റർ നീളമുള്ള 2 റോഡുകൾ തുവ്വൂർ- | 2023-24 | 21.69 | പ്രവൃത്തി അവസാന ഘട്ടത്തിലാണ് |

| | | | | |
|---|---|---|---|---|
| | പുട്ടമണ്ണ റോഡ്- (കി.മീ0/000-9/150),പൂളമണ്ണ-വാണിയമ്പലം റോഡ് കി.മീ(0/000-4/350) | | | |
| 48 | ജനറൽ-ആർഎം 2023-24/ആർസി2 /ഘട്ടം 1/ മലപ്പുറം ജില്ലയിലെ വണ്ടൂർ റോഡ് സെക്ഷനു കീഴിലുള്ള വിവിധ പിഡബ്ല്യുഡി റോഡുകൾക്കുള്ള ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവർത്തികൾ തുക്കലങ്ങോട്-വണ്ടൂർ-കളികാവ് റോഡിൽ (കി.മീ 0/000 മുതൽ 9/850,11/700-14/000 വരെ) 12.150 കിലോമീറ്റർ നീളമുള്ള ഒരു റോഡ് സ്ട്രെച്ച് | 2023-24 | 35 | പ്രവൃത്തി അവസാന ഘട്ടത്തിലാണ് |
| 49 | RM 2023-24-സോൺ 2- ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് 2/ഘട്ടം 1/ മലപ്പുറം ജില്ലയിലെ വണ്ടൂർ റോഡ് സെക്ഷനു കീഴിലുള്ള വിവിധ പിഡബ്ല്യുഡി റോഡുകൾ -3 റോഡുകൾ 16.40 കി.മീ (എടവണ്ണ-തിരുവാലി റോഡ്-(കി.മീ.0/000-5/200)), തിരുവാലി – കോട്ടല – കാട്ടുമുണ്ട റോഡ് (km0/000-5/500)& തിരുവാലി ഹൈസ്കൂൾപടി-മേപ്പാടം -മമ്പാട് PHC റോഡ് (കി.മീ. 0/000-5/700) | 2023-24 | 33.5 | പ്രവൃത്തി അവസാന ഘട്ടത്തിലാണ് |
| 50 | GENERAL-RM 2023-24-RC2 ഘട്ടം1 /മേഖല 3- മലപ്പുറം ജില്ലയിലെ വണ്ടൂരിലെ റോഡ് സെക്ഷനു കീഴിലുള്ള വിവിധ പിഡബ്ല്യുഡി റോഡുകൾക്കായുള്ള ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവർത്തികൾ 24 കി. മീ വരുന്ന 5 റോഡ് സ്ട്രച്ചുകൾ നടുവത്ത് വടക്കുംപാടം റോഡ്-(km0/000-4/650)&(6/750-9/400), തിരുവാലി- കോട്ടാല-കാട്ടുമുണ്ട റോഡ്(km0/000-5/500)&വാണിയമ്പലം-അമരമ്പലം റോഡ് (കി.മീ.(0/000-5/400) പറക്കുളം- കാട്ടുമുണ്ട - ശാന്തിനഗർ-0/000-3/300),മാമ്പാട്ഫെറി- തൃക്കൈക്കുത്ത് ഫെറി റോഡ് (കി.മീ.0/000-2/500) | 2023-24 | 40 | പ്രവൃത്തി അവസാന ഘട്ടത്തിലാണ് |
| 51 | RM 2024-25-RC 2-ഫേസ് 2 -സോൺ 2 മലപ്പുറം ജില്ലയിലെ വണ്ടൂർ റോഡ് സെക്ഷനിലെ വിവിധ പിഡബ്ല്യുഡി റോഡുകളുടെ ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് 31.938 കി.മീ നീളമുള്ള 3 റോഡ് ട്രെച്ചുകൾ - തച്ചങ്കോട് കൂരാട്കല്ലമൂല റോഡ് (0/000 - 11/158 പെരുമ്പിലാവ് – നിലമ്പൂർ റോഡ് 62/320 മുതൽ 77/100 വരെ), ഉദിരംപൊയിൽ മാളിയേക്കൽ റോഡ് (കി.മീ. 0/000-6/000) | 2024-25 | 74.45 | പ്രവൃത്തി പുരോഗമിക്കുന്നു |
| 52 | RM 2024-25-RC 2-PHASE-2 സോൺ 1- മലപ്പുറം ജില്ലയിലെ വണ്ടൂർ റോഡ് സെക്ഷനു കീഴിലുള്ള വിവിധ പിഡബ്ല്യുഡി റോഡുകൾക്കായുള്ള ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് 24.41 കിലോമീറ്റർ നീളമുള്ള 2 റോഡ് സ്ട്രച്ചുകൾ (കാപ്പിൽ തൃക്കൈക്കുത്ത് റോഡ് km 0/00 0-2/000) & പാണ്ടിക്കാട് വണ്ടൂർ വടപുര◌ം റോഡ് km 0/00022/410 | 2024-25 | 77.59 | പ്രവൃത്തി പുരോഗമിക്കുന്നു |

**അനുബന്ധം-II (പാലങ്ങൾ)**

| ക്രമ നമ്പർ | നിയോജക മണ്ഡലം | പദ്ധതിയുടെ പേര് | ഭരണാനുമതി ഉത്തരവ് നമ്പറും തീയ്യതിയും | പദ്ധതി (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | വണ്ടൂർ | വണ്ടൂർ നിയോജക മണ്ഡലത്തിലെ ചെള്ളിത്തോട് പാലം പുനർനിർമ്മാണം | GO(Rt) 113/2023/PWD dated 25.08.2023 | 420.00 | പ്രവൃത്തി പുരോഗതിയിലാണ് |
| 2 | വണ്ടൂർ | വണ്ടൂർ നിയോജക മണ്ഡലത്തിലെ ചെള്ളിത്തോട് പാലം അപ്രോച്ച് റോഡിലെ തകരാറായ സംരക്ഷണ ഭിത്തി പുനർ നിർമ്മാണം | AS/59C/21/14823dated 23.10.2021 | 25.00 | പ്രവൃത്തി പൂർത്തീകരിച്ചു |

## അനുബന്ധം-III (നിരത്ത് പരിപാലനം)

<table>
<tr><th>പ്രവൃത്തിയുടെ പേര്</th><th>റോഡുകളുടെ പേര്</th><th>ഭരണാനുമതി ലഭിച്ച ആനുപാതിക തുക</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td rowspan="2">ജനറൽ-ആർഎം 2021-2022 ക്ലസ്റ്റർ- 1 മലപ്പുറം ജില്ലയിലെ വണ്ടൂർ റോഡ് സെക്ഷൻറെ കീഴിലുള്ള വിവിധ പി.ഡബ്ല്യൂ.ഡി. റോഡുകൾക്കുള്ള (2 റോഡുകൾ) ഒരു വർഷത്തെ റണ്ണിംഗ് കരാർ മൊത്തം 12.2 കി.മീ നീളം -പൊതു സിവിൽ വർക്ക്</td><td>കുളിപ്പറമ്പ്-കുരാട്പള്ളിപ്പടി - മമ്പാട്ടുമൂല(കി.മീ. 0/000-5/000)</td><td rowspan="2">76.43 ലക്ഷം</td><td rowspan="2">പ്രവൃത്തി പൂർത്തീകരിച്ചു</td></tr>
<tr><td>കരുവാരകുണ്ട്-കുട്ടത്തി-നീലാഞ്ചേരി-കാളികാവ് (കി.മീ. 0/000-7/200)</td></tr>
<tr><td>ജനറൽ-ആർഎം 2023-2024 ക്ലസ്റ്റർ- 1 മലപ്പുറം ജില്ലയിലെ വണ്ടൂർ റോഡ് സെക്ഷൻറെ കീഴിലുള്ള വിവിധ പി.ഡബ്ല്യൂ.ഡി. റോഡുകൾക്കുള്ള (2 റോഡുകൾ) ഒരു വർഷത്തെ റണ്ണിംഗ് കരാർ മൊത്തം 12.2 കി.മീ നീളം -പൊതു സിവിൽ വർക്ക്</td><td>കാളിപറമ്പ്-കുരാട് പള്ളിപ്പടി-മമ്പാട്ടുമൂല (കി,മി. 0/000-5/000)<br><br>-------------------------------------<br><br>കരുവാരകുണ്ട് -കുട്ടത്തി- നീലാഞ്ചേരി - കാളിക്കാവ് (കി.മീ 0/000-7/200)</td><td>70.00 ലക്ഷം</td><td>പ്രവൃത്തി പൂർത്തീകരിച്ചു</td></tr>
</table>